**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 20** **23-01-2025 - ൽ മറുപടിയ്ക്ക്**

**റേഷൻകാർഡ് ഉടമകളുടെ മസ്റ്ററിംഗ് പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളുടെ മസ്റ്ററിംഗ് എത്ര ശതമാനം പൂർത്തിയാക്കാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 17.01.2025 ലെ AePDS വെബ് പോർട്ടൽ പ്രകാരം സംസ്ഥാനത്തെ NFSA റേഷൻ ഗുണഭോക്താക്കളിൽ 90.81% ഗുണഭോക്താക്കളുടെ മസ്റ്ററിങ് പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഭക്ഷ്യ ധാന്യങ്ങൾ പൊതുവിതരണം ചെയ്യുന്നതിന് പകരം അവയുടെ പണം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നൽകുന്ന പദ്ധതി (ഡി.ബി.ടി.)-യോടുള്ള സംസ്ഥാനസർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരായുകയോ കൂടിയാലോചന നടത്തുകയോ ചെയ്തിട്ടില്ല. മാത്രവുമല്ല പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനോട് സംസ്ഥാന സർക്കാരിന് യോജിപ്പില്ല. |
| (സി) | സംസ്ഥാനത്തിന്റെ പൊതുവിതരണ ശൃംഖലയ്ക്ക് മാറ്റം വരുത്തുന്ന ഈ പദ്ധതിയുടെ ഗുണദോഷങ്ങൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതോടെ റേഷൻ മസ്റ്ററിംഗ് നടത്താൻ സാധിക്കാതെ വരുന്ന മുൻഗണന-മുൻഗണനേതര വിഭാഗങ്ങൾക്കും ഭക്ഷ്യധാന്യങ്ങളുടെ ആനുകൂല്യം ലഭിക്കാതെ വരുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | സി പിരിവിനുള്ള മറുപടി കണ്ടാലും. |
| (ഇ) | ഇത് റേഷൻ വിതരണക്കാരെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന കാര്യം പ്രത്യേകമായി അറിയിക്കുമോ? | (ഇ) | ടി വിഷയം/പദ്ധതി സംബന്ധിച്ച് യാതൊരുവിധ നിർദ്ദേശങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ ഏതെല്ലാം തരത്തിൽ റേഷൻ വിതരണക്കാരെയും ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മറ്റ് ജനവിഭാഗങ്ങളേയും ദോഷകരമായി ബാധിക്കും എന്നാണ് മനസിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ